LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊച്ചിയിലെ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം 21-9-2012-ൽ കബോട്ടാഷ് നിയമത്തിൽ മൂന്ന് വർഷത്തിനു ശേഷമുള്ള അവലോകനത്തിന് വിധേയമായി ഇളവ് അനുവദിക്കുകയുണ്ടായി. കേരളത്തിൽ നിന്നുള്ള അന്നത്തെ കേന്ദ്രമന്ത്രിമാരുടെ ഇടപെടലും സമ്മർദ്ദവുമുണ്ടായിരുന്നു.

(ബി) കാർഗോ കൂടുതൽ ലഭിക്കുന്നതിനായി നികുതി ഗതാഗത എക്സൈസ് വകുപ്പിലെ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് കൊച്ചി ഇറമുഖത്ത് നിന്നും കണ്ടെയ്നർ കയറ്റുമതി ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ Mainline വെസ്സലുകളോടനുബന്ധിച്ചുള്ള ചാർജ്ജുകളിൻമേലും ടെർമിനൽ ഹാൻഡ് ലിംഗ് ചാർജസിലും റിബേറ്റ് നൽകി വരുന്നു. കോയമ്പത്തൂരിൽനിന്നും റയിൽ മാർഗ്ഗം ICTT-യിൽ കാർഗോ എത്തിക്കുന്നതിനും ശ്രമിച്ചുവരുന്നു.

നാട്ടിക മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വക റോഡുകളുടെ ഭരണാനുമതി

165 (1992) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ഭരണാനുമതി ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നാട്ടിക നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന 12 റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കായി ലഭിച്ചിട്ടുണ്ട്:

ക്രമ നമ്പർ	റോഡിന്റെ പേര്	അംഗീകരിച്ച ലിസ്റ്റിലെ ക്രമനമ്പർ	തുക ലക്ഷത്തിൽ
		2012-13 ലിസ്റ്റ്-4	
1	നാട്ടിക പഞ്ചായത്ത് - കോട്ടൺ മിൽ റോഡ്	ക്രമനമ്പർ 28	20.25
2	തൃപ്രയാർ ബീച്ച് കണക്ഷൻ റോഡ് (താടിവളവിന് തെക്ക്)	ക്രമനമ്പർ 29	22.00
3	നാട്ടിക പഞ്ചായത്ത് - നേതാജി റോഡ്	ക്രമനമ്പർ 30	11.00
4	തളിക്കുളം പഞ്ചായത്ത് - നമ്പിക്കടവ് സബ് സെന്റർ രവിനഗർ ലിങ്ക് റോഡ്	ക്രമനമ്പർ 31	25.20
5	തളിക്കുളം പഞ്ചായത്ത് - വളവുപ്പ റോഡ്	ക്രമനമ്പർ 32	10.00
6	തളിക്കുളം പഞ്ചായത്ത് - തമ്പാൻകടവ് ത്രിവേണി ലിങ്ക് റോഡ്	ക്രമനമ്പർ 33	13.00
7	വലപ്പാട് പഞ്ചായത്ത് -വലപ്പാട്-ചന്തപ്പടി ടിപ്പുസുൽത്താൻ റോഡ്	ക്രമനമ്പർ 34	9.00
8	വലപ്പാട് പഞ്ചായത്ത് - വെയർ ഹൗസ് റോഡ്	ക്രമനം.36	24.00
		2013-14 ലിസ്റ്റ്-2	
9	വലപ്പാട് ബീച്ച് കോസ്റ്റൽ റോഡ് - വലപ്പാട് പഞ്ചായത്ത്	ക്രമനമ്പർ 1	48.00
10	കോതക്കുളം ബീച്ച് റോഡ്	ക്രമനമ്പർ 2	25.00
		2014-15 ലിസ്റ്റ് -1	
11	പുതുക്കുളം റോഡ് വാർഡ് 5, 8, 11 നാട്ടിക പഞ്ചായത്ത്	ക്രമനമ്പർ 3	9.00
12	പി. വി. വേലായി റോഡ്	ക്രമനമ്പർ 4	24.00

മുകളിൽ പരാമർശിച്ച 12 റോഡുകളിൽ ക്രമനമ്പർ 7, 8, 9 ഒഴികെയുള്ള 9 റോഡുകൾക്കും ഇതിനകം സർക്കാരിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കി റോഡുകൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

GPM. 2/240/2020-31

LIBRARY ARCHIVES Kerala Legislative Assembly